പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലന പദ്ധതി

270 (4261) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.

2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിവരുന്നു.

3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കിവരുന്നു.

4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തിവരുന്നു.

6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ ഇന്നൽ പരിശീലനം ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.

7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവ. ആയുർവേദ കോളേജിൽ മുപ്പത് പട്ടിക വർഗ്ഗയുവതീയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകിവരുന്നു.

8. സംസ്ഥാനത്തെ ഗവ.പോളിടെക്നിക്കുകളിൽ 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ. പരിശീലനം നൽകുന്നു.

9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.

10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകി വരുന്നു.

(ബി) പ്രസ്തുത പദ്ധതി വഴി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു :

1. പട്ടികവർഗ്ഗക്കാരിലെ (പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ) തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക.

2. ആധുനിക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക.

3. ഉന്നത വിദ്യാഭ്യാസത്തിലേക്കും സാങ്കേതിക വിദ്യാഭ്യാസത്തിലേക്കും പട്ടികവർഗ്ഗക്കാരെ കൊണ്ടുവരികയും അവരുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ചെയ്യുക.

4. സംരംഭക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരിൽ നിന്നും കൂടുതൽ സംരംഭകരെ വളർത്തിക്കൊണ്ടുവരിക.

5. തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി മത്സരക്ഷമതയും/ സാഹചര്യവും സൃഷ്ടിക്കുക.

6. തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ ലഭ്യതയിലൂടെയും സ്ത്രീകളുടെ ശാക്തീകരണം കൈവരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവ.ആയുർവേദ കോളേജ്, കെൽട്രോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കോവളം, ഗവണ്മെന്റ് പോളി ടെക്നിക്കുകൾ, കിൻഫ്ര അപ്പാരൽ ട്രെയിനിംഗ് സെന്റർ, നെട്ടർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, പട്ടികവർഗ്ഗ വികസന വകപ്പ് എന്നിവരാണ് പ്രസ്തുത പദ്ധതിയുമായി പ്രധാനമായും സഹകരിക്കുന്നത്.

(ഡി) നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ 'എ' പിരിവിൽ ചേർത്തിരിക്കുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗക്കാർക്ക് ഉണകരമാണെന്ന് കാണുന്ന മറ്റ് നൈപുണ്യ പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി

271 (4262) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ ശാക്തീകരണത്തിന് പദ്ധതി എത്ര മാത്രം ഉണകരമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) ഉണ്ട്. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടിക്കൊടുക്കുന്നതോടൊപ്പം ഒരു സ്ഥിര വരുമാനം ഉറപ്പാക്കി അവരെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകി അഞ്ഞൂറ് വനിതകൾക്ക് സൗജന്യമായി ഓട്ടോറിക്ഷകൾ വാങ്ങിനൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് പട്ടികവർഗ്ഗ വനിതകൾക്ക് പ്രചോദനവും മാതൃകയുമാകുന്ന ഒരു പദ്ധതിയാണിത്. വിതരണം ചെയ്ത ഓട്ടോറിക്ഷകൾ ഉണഭോക്താക്കളായ വനിതകൾ തന്നെ കൈകാര്യം ചെയ്യുന്നതിനും കൈമാറ്റം ചെയ്യാതിരിക്കുന്നതിനും ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ വച്ച് 28-5-2014-ന് സംഘടിപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly